2671 EB (1)

"ഭരണഭാഷ-മാതൃഭാഷ"

2/2/19

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ)നം. 37/2019/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം, 02/02/2019**

---

പരാമർശം:- 1) 07/01/2018 ലെ സ.ഉ(സാധാ)നം.04/2018/ഐറ്റിഡി

2) ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സമർപ്പിച്ച 11/01/19 തീയതിയിലെ ഇബി (1) 1221/2018/ഡിഇഎസ് നമ്പർ കത്ത്.

## ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.ഷിബുകുമാർ ഡി.എസ് പരാമർശം 1 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷ PGDeG പ്രോഗ്രാമിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണെന്നും ടി കോഴ്സിന്റെ കാലാവധി 31/01/2019 ന് അവസാനിക്കുന്ന സാഹചര്യത്തിൽ 01/02/2019 ൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ടിയാൻ 12/12/2018 ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ലാത്ത സഹചര്യത്തിൽ ടി തസ്തികകളിലെ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥരായ യഥാക്രമം ശ്രീ.മുരുഗൻ എ., ശ്രീമതി.ഇന്ദിരാദേവി കെ. എന്നിവരെ റിവർട്ട് ചെയ്യേണ്ട സാഹചര്യമാണ് ഉള്ളതെന്നും പ്രസ്തുത സാഹചര്യം പരിഗണിച്ച് ശ്രീമതി.കെ.ഇന്ദിരാദേവി, അസിസ്റ്റന്റ് ഡയറക്ടറെ റിസർച്ച് ഓഫീസർ തസ്തികയിലേക്ക് റിവർട്ട് ചെയ്ത് ഉത്തരവാകുന്നതിനും, ശ്രീ.ഡി.എസ്.ഷിബുകുമാർ, ശ്രീ.മുരുഗൻ എ എന്നിവർക്ക് നിയമനം നൽകുന്നതിനും ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.ഷിബുകുമാർ ഡി.എസ്-ന്റെ കോഴ്സിന്റെ കാലാവധി 31/01/2019 ന് അവസാനിക്കുന്നതാണ്. 01/02/2019 ൽ ടിയാനെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ലായെന്ന് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥരായ ശ്രീ.മുരുഗൻ എ., ശ്രീമതി.ഇന്ദിരാദേവി കെ. എന്നിവരെ യഥാക്രമം അസിസ്റ്റന്റ് ഡയറക്ടർ, റിസർച്ച് ഓഫീസർ തസ്തികകളിലേക്ക് റിവർട്ട് ചെയ്തുകൊണ്ടും ശ്രീ.ഡി.എസ്.ഷിബുകുമാർ, ശ്രീ.മുരുഗൻ.എ എന്നിവർക്ക് ചുവടെ ചേർക്കും പ്രകാരം നിയമനം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേരും നിലവിലെ ഓഫീസും | നിയമനം നൽകേണ്ട ഓഫീസ് |
|---|---|---|
| 1 | ശ്രീ. ഷിബുകുമാർ ഡി . എസ്<br>ഡെപ്യൂട്ടി ഡയറക്ടർ<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് | മാനേജർ ( ഇ . ഐ )<br>ജില്ലാ വ്യവസായ കേന്ദ്രം<br>മലപ്പുറം<br>(ശ്രീ. എ. മുരുഗൻ, ഡെപ്യൂട്ടി ഡയറക്ടറെ റിവർട്ട് ചെയ്യുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവ് ) |
| 2 | ശ്രീ. എ. മുരുഗൻ<br>മാനേജർ ( ഇ . ഐ )<br>ജില്ലാ വ്യവസായ കേന്ദ്രം ,<br>മലപ്പുറം . | അസിസ്റ്റന്റ് ഡയറക്ടർ ( ഐ . ഐ . പി ),<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം<br>(ശ്രീമതി. കെ. ഇന്ദിരാദേവിയെ റിവർട്ട് ചെയ്യുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവ് ) |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഷീല ജി.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡി.ജി, ഡി.ഇ.എസ് മുഖേന).
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

പുറത്തെഴുത്ത് നം. ഇബി(1)1221/2018/ഡിഇഎസ് തീയതി 4-2-2019

ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവിലേക്കായി നൽകുന്നു.

ഡയറക്ടർ ജനറലിനുവേണ്ടി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ വിഭാഗം)
5/2/19